# പതിമൂന്നാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 512**
**10.06.2014 ലെ മറുപടിക്ക്**

ചേർത്തല മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

**ചോദ്യം**
**ശ്രീ.പി.തിലോത്തമൻ** എം.എൽ.എ

**ഉത്തരം**
**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പിൽ നിന്നും 6707/ജി1/2014/പി ഡബ്ല്യു.ഡി നമ്പരായി 19.03.2014-ൽ ധനകാര്യവകുപ്പിലേയ്ക്ക് അയച്ച ചേർത്തല മണ്ഡലത്തിലെ ആസ്തി വികസനപദ്ധതിയിൽ ഉൾപ്പെടുത്തിയ 9 റോഡുകളുടെ ഫയൽ ധനകാര്യ വകുപ്പിലെ നോഡൽ സെല്ലിൽ എന്നാണ് ലഭിച്ചത്; ഫയൽ എന്നാണ് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് മടക്കി അയച്ചത്; മടക്കി അയയ്ക്കുവാൻ കാരണം എന്തായിരുന്നു; ഫയൽ സെക്ഷനിൽ വേണ്ടവിധം പരിശോധിച്ചിരുന്നുവോ; മടക്കി അയയ്ക്കുമ്പോൾ പറഞ്ഞിരുന്ന കാരണങ്ങൾ കൂടാതെ മറ്റെന്തെങ്കിലും കാരണം ഉണ്ടായിരുന്നുവോ; വ്യക്തമാക്കുമോ; | ഫയൽ 20.03.2014-ലാണ് സെക്ഷനിൽ ലഭിച്ചത്. 03.04.14-ൽ പൊതുമരാമത്ത് വകുപ്പിന് മടക്കി നൽകി. പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലാണ് ഫയൽ മടക്കിയതും പുനഃസമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നതും. പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ വിശദമായ പരിശോധന നടത്തിയിരുന്നില്ല. എന്നാൽ ഫയൽ പുനഃപരിശോധിച്ചപ്പോൾ ആസ്തി വികസന ഫണ്ടിൻകീഴിൽ പുനരുദ്ധാരണത്തിനായി നിർദ്ദേശിച്ച റോഡുകളിൽ ചിലത് ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാലാണ് ഈ വിഷയം വ്യക്തമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് വീണ്ടും ആവശ്യപ്പെട്ടത്. |
| (ബി) | ഫയൽ വീണ്ടും പൊതുമരാമത്ത് വകുപ്പിൽ നിന്നും നോഡൽ സെല്ലിൽ ലഭിച്ചത് എന്നായിരുന്നു; ലഭിക്കുമ്പോൾ ഫയൽ ആദ്യം മടക്കുമ്പോഴുണ്ടായിരുന്ന തടസ്സങ്ങൾ മാറിയിരുന്നുവോ; വീണ്ടും മടക്കിയിരിക്കുന്നത് എന്ത് കാരണങ്ങൾ പറഞ്ഞാണ്; ഈ കാരണങ്ങൾ ആദ്യം ഇതേ ഫയൽ ലഭിച്ചപ്പോൾ സൂചിപ്പി | ഫയൽ വീണ്ടും ധനവകുപ്പിൽ ലഭിച്ചത് 07.05.2014 ലാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ മരാമത്ത് പണികളുടെ നിർവ്വഹണം തദ്ദേശസ്വയംഭരണ വിഭാഗം എഞ്ചിനീയറിംഗ് വിംഗ് വഴിയാണ് നടപ്പാക്കേണ്ടത്. |

| | | |
|---|---|---|
| | ക്കാതിരുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ ; | പഞ്ചായത്ത് റോഡുകളുടെ പൊതുമരാമത്ത് പണികൾ PWD യെ ഏൽപ്പിക്കുകയാണെങ്കിൽ ആയവ "Deposit Work" ആയി പരിഗണിക്കേണ്ടതുണ്ട്. മേൽ വിവരം ആരായുന്നതിനാണ് ഫയൽ ഭരണ വകുപ്പിലേക്ക് മടക്കി അയച്ചത്. ഫയൽ പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ ഭരണ വകുപ്പ് ഫയലിൽ ലഭ്യമല്ല എങ്കിൽ പല തലങ്ങളിലായി പരിശോധിക്കുമ്പോൾ വ്യക്തത ആവശ്യപ്പെടേണ്ടതായി വരും. എന്നാൽ എൽ.എ.സി-എ.ഡി.എഫിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഭരണ വകുപ്പിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളിൽ താമസംവിനാ തീരുമാനങ്ങളെടുക്കുവാൻ ധനവകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. |
| (സി) | പോരായ്മകളുടെ പേരിൽ ഫയലുകൾ മടക്കുന്നത് ഏത് ചട്ടം അനുസരിച്ചാണ്; ഫയലുകളിൽ പോരായ്മയുള്ള കടലാസുകൾ ആവശ്യപ്പെടാതെ ഫയൽ മടക്കി അയയ്ക്കുന്നത് ചട്ടവിരുദ്ധമാണോ; ഇതിനെതിരെ നടപടി സ്വീകരിക്കുമോ? | ഫയലിലെ നിർദ്ദേശങ്ങൾക്ക് വ്യക്തത ലഭിച്ചാൽ മാത്രമേ ഫയലിൽ തീരുമാനം എടുക്കാൻ കഴിയൂ. പോരായ്മകൾക്ക് വ്യക്തത നൽകേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. ആവശ്യപ്പെടുന്ന വിശദീകരണത്തിനു മറുപടി നൽകാൻ പലപ്പോഴും ഫയലിലെ ബന്ധപ്പെട്ട ഭാഗങ്ങളും പരിശോധിക്കേണ്ടതായി വരാറുണ്ട്. അതുകൊണ്ടാണ് ഫയലുകൾ ഭരണ വകുപ്പിലേക്ക് മടക്കുന്നത്. |

**സെക്ഷൻ ഓഫീസർ**